വകയിൽ 1,01,95,920 രൂപ ബോർഡ് ചെലവാക്കിയിട്ടുണ്ട്. 2014 മാർച്ച് വരെ ബോർഡിന്റെ ചീഫ് ഓഫീസിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1-6-2014 മുതൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ ഓൺലൈനായി നൽകിവരുന്നു. ബോർഡിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും peedika.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

(ബി) അതെ.

(സി) പ്രസ്തുത നിയമം പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിഗണിച്ചുവരുന്നു.

(ഇ) ഉണ്ട്.

കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

158 (8218) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദനീയ അവധികളോ മറ്റു ആനുകൂല്യങ്ങളോ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരെ പ്രത്യേകിച്ച് വസ്ത്രക്കടകളിൽ സാധനങ്ങൾ വാങ്ങാൻ ആൾക്കാരില്ലാത്തപ്പോഴും ഇരിക്കാൻ അനുവദിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ;

(ഡി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(ഇ) പ്രസ്തുത ജോലിക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സ്ഥാപനങ്ങൾ ചെയ്തു കൊടുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ മാളുകളിലും മറ്റ് തൊഴിൽ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇരിപ്പിടവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കുക, അർഹതപ്പെട്ട ആഴ്ച അവധി, ഓവർ ടൈം ഇവ ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് ബോധ്യപ്പെടുത്തുക. തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന തൊഴിലുടമകൾക്കു മേൽ നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ളത്.

(ഡി & ഇ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി 1906 ടെക്സ്റ്റൈൽ ഷോപ്പുകളിൽ സ്ക്വാഡ് പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനയെ തുടർന്ന് നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പാചക തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

159 (T 8219) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാചകത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പണം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പാചകത്തൊഴിലാളികളുടെ മിനിമം വേതനത്തിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly